SUNDAY 06-11-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/11/2022.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിൽ 2022 നവംബർ 16 ന് തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി ബ്ലോക്കിലെ കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. **2022 നവംബർ 10** വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്ലോഡും ചെയ്യാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിലെ കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

2. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനകളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം നവംബർ മാസം പതിനാറാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

3. 'ഇന്ത്യൻ നാച്ചുറൽ റബ്ബർ' എന്ന ബ്രാൻഡിൽ വിപണനം ചെയ്യപ്പെടുന്ന സാന്ദ്രീകൃത റബ്ബർപാലിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർബോർഡ് ഈ വർഷം ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്നു. ഈ ബ്രാൻഡിൽ കയറ്റുമതി ചെയ്യപ്പെടുന്ന റബ്ബർപാലിന്റെ ഓരോ കിലോഗ്രാം

ഉണക്കത്തൂക്കത്തിനും രണ്ട് രൂപ നിരക്കിലായിരിക്കും പ്രോത്സാഹനം നൽകുക. 2022 നവംബർ മുതൽ 2023 മാർച്ച് വരെ ഈ പദ്ധതി തുടരും. കൂടാതെ റബ്ബറിന്റെ മറ്റ് ഗ്രേഡുകളായ ഷീറ്റ് റബ്ബർ, ഐ.എസ്.എൻ.ആർ. എന്നിവയുടെ കയറ്റുമതിക്ക് കിലോഗ്രാമിന് യഥാക്രമം അമ്പത് പൈസയും 25 പൈസയും വീതം പ്രോത്സാഹനം നൽകുന്നതാണ്.

4. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് 0471-2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'ജൈവ കൃഷി പരിപാലനം'** എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിൻറെ കാലാവധി. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2022 നവംബർ 27 നു മുമ്പായി രജിസ്റ്റർ ചെയ്യേ്ിതാണ്. കൂടുതൽ വിശദശാംശങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **0487 2438567, 9497353389, 9567190858** എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

6. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഈ മാസം **7,8** തീയതികളിൽ (07/11/22 മുതൽ 08/11/22) രണ്ടു ദിവസത്തെ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734-299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് സന്ദേശം ചെയ്തോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശങ്ങൾ**

7. മുണ്ടകൻ കൃഷിയിറക്കിയ കോൾപ്പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം രൂക്ഷമാകുന്നു. രാത്രികാലങ്ങളിൽ കൂട്ടമായി ഇറങ്ങുന്ന പുഴുക്കൾ പ്രധാനമായും 20 ദിവസത്തിൽ താഴെ പ്രായമുള്ള നെൽച്ചെടികളെ ഏതാണ്ട് പൂർണ്ണമായി തിന്ന് നശിപ്പിക്കുന്നു. പറിച്ചു നടുന്നതിന് പകരം വിത്ത് വിതച്ച സ്ഥലങ്ങളിലാണ് ഇവയുടെ ആക്രമണം ഏറ്റവും മാരകമാവുന്നത്. മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിലെ ശാസ്ത്രജ്ഞർ ഇനി പറയുന്ന നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

രാത്രികാലങ്ങളിൽ വിളക്ക് കെണികൾ സ്ഥാപിച്ച് നിശാശലഭങ്ങളെ നശിപ്പിക്കുക. പുഴുക്കളെ കെണി വച്ച് പിടിച്ച് നശിപ്പിക്കുക.

കെണി ഉണ്ടാക്കുന്ന രീതി

5 ഏക്കർ മുതൽ 8 ഏക്കർ വരെ ഉള്ള പാടത്തിന് വേണ്ട വസ്തുക്കൾ ഇനി പറയുന്നു. ഗോതമ്പ് തവിട് - 4.5 കി.ഗ്രാം, വെള്ളം - 4.5 ലിറ്റർ, ശർക്കര - 1 കി.ഗ്രാം, ചോളം സ്റ്റാർജ് - 20 ഗ്രാം , ക്ലോർപൈറിഫോസ് - 70 മി.ഗ്രാം ശർക്കര പൊടിച്ച് വെള്ളത്തിൽ ലയിപ്പിക്കുക. ഈ മിശ്രിതം ഗോതമ്പ് തവിടുമായി പുട്ടു പരുവത്തിൽ യോജിപ്പിച്ച്, ഇതിലേക്ക് 20 ഗ്രാം കോൺ സ്റ്റാർച്ചും 70 മില്ലി ക്ലോർപൈറിഫോസും ചേർക്കുക. ഈ മിശ്രിതം തയ്യാറാക്കുമ്പോൾ സുരക്ഷക്കായി ഗ്ലൗസും ഷവലും ഉപയോഗിക്കുക. ഈ മിശ്രിതം 24 മണിക്കൂർ ചാക്കിൽ കെട്ടി വെക്കുക. അടുത്ത ദിവസം ഈ മിശ്രിതപ്പൊടി ചെറിയ ഉണ്ടകളാക്കി കട്ടിയുള്ള പേപ്പർ കഷ്ണം റോൾ ചെയ്ത് സ്റ്റേപ്പിൾ ചെയ്ത ശേഷം അതിനുള്ളിൽ വെക്കുക. ഇവ പാടവരമ്പുകളിൽ കെണികളായി വച്ചുകൊടുക്കാവുന്നതാണ്. ഈ മിശ്രിതം വെള്ളം കുറഞ്ഞ പാടങ്ങളിൽ വിതറുകയും ചെയ്യാം. ഈ കെണിയിൽ പുഴുക്കൾ ആകർഷിക്കപ്പെടുകയും കഴിക്കുന്നതുവഴി കൂട്ടമായി ചത്തൊടുങ്ങുകയും ചെയ്യുന്നു. മുകളിൽ പറഞ്ഞ അളവിൽ ഉണ്ടാക്കുന്ന കെണി 5 മുതൽ 8 ഏക്കർ വരെയുള്ള വിസ്തൃതിയിൽ ഉപയോഗിക്കാം.